"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പിലെ ഹെഡ് അക്കൗണ്ടന്റായ ശ്രീ.ജോസ്.പി.ഐ.-യുടെ കില-സി.എച്ച്.ആർ.ഡി-യിൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2200/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/10/2019

പരാമർശം:- 1 06.08.2015-ലെ സ. ഉ. (സാധാ) നം.2423/15/ തസ്വഭവ.

2 23.08.2017-ലെ സ.ഉ.(സാധാ) നം.2884/2017/തസ്വഭവ

3 10.05.2013-ലെ സർക്കുലർ നമ്പർ. 42/2013/ധന

4 28.11.2013-ലെ സ.ഉ. (പി) നം. 580/2013/ധന

5 08.08.2018-ലെ സ. ഉ. (സാധാ) നം.2185/18/തസ്വഭവ

6 17.08.2019-ലെ ഗ്രാമവികസന കമ്മീഷണറുടെ 12217/എസ്റ്റാ.സി3/2019/സി.ആർ.ഡി. നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കില-സി.എച്ച്.ആർ.ഡി-യിൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ തുടർന്നു വരുന്ന ഗ്രാമവികസന വകുപ്പിലെ ഹെഡ് അക്കൗണ്ടന്റായ ശ്രീ.ജോസ്.പി.ഐ-യുടെ അന്യത്ര സേവന കാലാവധി പരാമർശം (5) പ്രകാരം 18.08.2019 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവായിരുന്നു.

2) ശ്രീ.ജോസ്.പി.ഐ-യുടെ അന്യത്ര സേവന കാലാവധി 18.08.2019-ന് അവസാനിക്കുന്നതിനാൽ ടിയാന്റെ സേവനകാലാവധി 19.08.19 മുതൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിക്കുന്ന തീയതിയായ 31.05.2020 വരെ ദീർഘിപ്പിച്ച നൽകണമെന്ന് പരാമർശം (6) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കില-സി.എച്ച്.ആർ.ഡി-യിൽ അസിസ്റ്റന്റായി ജോലി ചെയ്തു വരുന്ന ഗ്രാമവികസന വകുപ്പിലെ ഹെഡ് അക്കൗണ്ടന്റായ ശ്രീ.ജോസ്.പി.ഐ.-യുടെ അന്യത്ര സേവന കാലാവധി കേരള സർവീസ് റൂൾസ്, ഭാഗം -I, ചട്ടം 140 (C) - യിലെ വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി

19.08.19 മുതൽ ടിയാന്റെ വിരമിക്കൽ തീയതിയായ 31.05.2020 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

ശ്രീ.ജോസ്.പി.ഐ., ഹെഡ് അക്കൗണ്ടന്റ്, (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം).

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
റീജിയണൽ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി., കൊട്ടാരക്കര.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,

(ജി.എസ്.എസ്.എ./ഇ.ആർ.എസ്.എ.),കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.